സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 251 2025 ജനുവരി 29 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

## നിയന്ത്രണംവിട്ട് വട്ടം കറങ്ങി കാർ, ബാരിക്കേഡിലിടിച്ച് അപകടം; നടുക്കുന്ന ദൃശ്യങ്ങൾ

കോഴിക്കോട്: മുക്കം മണാശ്ശേരിയിൽ കാർ നിയന്ത്രണം വിട്ട് റോഡിലെ കൈവരിയിൽ ഇടിച്ച് അപകടം. മണാശ്ശേരി-പുൽപ്പറമ്പ് റോഡിലാണ് അപകടം ഉണ്ടായത്. പുൽപ്പറമ്പ് ഭാഗത്തുനിന്നും വന്ന കാർ നിയന്ത്രണം വിട്ട് എതിർവശത്തെ റോഡിലെ കൈവരിയിൽ ഇടിച്ചാണ് അപകടം കൊടിയത്തൂർ ചെറുവാടി സ്വദേശികളുടെ ഹോണ്ട സിറ്റി കാറാണ് പുലർച്ചെ അപകടത്തിൽപ്പെട്ടത്. അപകടത്തിൽ കാർ യാത്രക്കാരായ രണ്ട് പേർക്ക് പരിക്കേറ്റു. കാർ പൂർണമായി തകരുകയും റോഡിലെ കൈവരികൾ തകരുകയും ചെയ്തിട്ടുണ്ട്.

# വിവാദ മദ്യനിർമാണശാല: 'ആരും അറിഞ്ഞില്ല'

## കാബിനറ്റ് നോട്ട് പുറത്തുവിട്ട് പ്രതിപക്ഷ നേതാവ്



തിരു: വിവാദ കമ്പനിക്ക് മദ്യനിർമ്മാണശാലാ അനുമതി നൽകിയത് മറ്റ് വകുപ്പുകളുമായി ആലോചിക്കാതെയാണെന്ന് വ്യക്തമാക്കുന്ന മന്ത്രിസഭാ കുറിപ്പ് പുറത്തുവിട്ട് പ്രതിപക്ഷ നേതാവ്. പദ്ധതിയിൽ കൃഷിക്കാർക്ക് ആശങ്കയുണ്ടെന്ന് സി.പി.ഐ പരസ്യമായി വിമർശിച്ചപ്പോൾ, വിവാദങ്ങളിൽ അടിസ്ഥാനം ഇല്ലെന്നായി മന്ത്രി കെ കൃഷ്ണൻകുട്ടി. എല്ലാവരെയും വിശ്വാസത്തിലെടുത്തേ പദ്ധതി നടപ്പാക്കുവെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ വ്യക്തമാക്കി.

വിവാദ കമ്പനിയായ ഒയാസിസിന് മദ്യനിർമ്മാണശാലയ്ക്ക് അനുമതി നൽകിയതിൽ ദുരൂഹത ഏറ്റുന്നതാണ് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പുറത്തുവിട്ട മന്ത്രിസഭാ കുറിപ്പ്. ധന, ജല, വ്യവസായ, തദ്ദേശ വകുപ്പുകളോട് ആലോചിച്ചിരുന്നില്ലെന്ന് കുറിപ്പ് വ്യക്തമാക്കുന്നു. ഒയാസിസ് കമ്പനിയെ മന്ത്രിസഭാ കുറിപ്പിലും പുകഴ്ത്തുന്നുണ്ട്. എന്നാൽ, ഇതേ കമ്പനിയുടെ ഉടമ ഡൽഹി മദ്യനയ കോഴക്കേസിൽ അറസ്റ്റിലായ വിവരം മറച്ചുവച്ചെന്ന് പ്രതിപക്ഷ നേതാവ് പരിഹസിച്ചു.

പദ്ധതിക്കെതിരെ സിപിഐ വിമർശനം കടുപ്പിച്ചത് എൽഡിഎഫിൽ തലവേദനയായി. കർഷകരിലും കർഷകതൊഴിലാളികളിലും ആശങ്ക ഉയർത്തിയിട്ടുള്ള പദ്ധതിക്ക് വെള്ളം നൽകിയാൽ പാലക്കാട്ടെ നെൽക്കൃഷി ഇല്ലാതാവുമെന്ന് സി.പി.ഐ നേതാവ് സത്യൻ മൊകേരി മുഖപത്രത്തിലെഴുതിയ ലേഖനത്തിൽ ചൂണ്ടിക്കാട്ടി. പദ്ധതിക്കെതിരെ ജെഡിഎസിൽ വിമർശനം പുകയുന്നതിനിടെ ഒയാസിസ് കമ്പനിയെ അനുകൂലിച്ച് മന്ത്രി കെ. കൃഷ്ണൻകുട്ടി വിപരീത നിലപാടെടുത്തു.

## 'ഗോപൻ സ്വാമിയല്ല, ഇനി ദൈവമാണ്'; ദൈവത്തെ തൊഴാൻ ധാരാളം തീർത്ഥാടകർ എത്തുന്നുണ്ടെന്ന് മകൻ

തിരു: 'ഗോപൻ സ്വാമി സമാധിയായി'– ആഴ്ചകൾക്ക് മുമ്പ് കേരളക്കരയാകെ ചർച്ചയായ ഒരു വിഷയമായിരുന്നു ഇത്. സോഷ്യൽ മീഡിയയിൽ അടക്കം ഇത് വലിയ ചർച്ചാ വിഷയമായിരുന്നു. കേരളത്തിൽ അടുത്തിടെയൊന്നും കേട്ടുകേൾവിയില്ലാത്ത സമാധി വിവാദത്തിന് കേരള പൊലീസും ജില്ലാ ഭരണകൂടവും ഇടപെട്ടാണ് അവസാനം കുറിച്ചത്. മക്കൾ ഒരുക്കിയ 'സമാധി പീഠം' പൊളിച്ച് മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്യുകയായിരുന്നു. പിന്നീട് ഹൈന്ദവ സംഘടനകളുടെ പിന്തുണയോടെ മക്കൾ വീണ്ടും സമാധിയിരുത്തുകയായിരുന്നു.

നെയ്യാറ്റിൻകര കാവുവിളാകം കൈലാസനാഥ ക്ഷേത്രത്തിന് സമീപത്താണ് ഗോപനെ സമാധിയിരുത്തിയിരിക്കുന്നത്. ക്ഷേത്രത്തിലെ പൂജാരി കൂടിയായ മകൻ രാജസേനനാണ് പൂജാ കർമ്മങ്ങൾ ചെയ്യുന്നത്. തന്റെ അച്ഛൻ ഗോപൻ സ്വാമിയല്ലെന്നും ദൈവമാണെന്നും മകൻ രാജസേനൻ പറയുന്നു. ദൈവത്തെ കാണാൻ ഒരുപാട് തീർത്ഥാടകർ അവിടെ എത്തുന്നുണ്ടെന്നും മകൻ പറയുന്നു.

'തന്റെ അച്ഛൻ ആരാണെന്ന് ലോകം അറിയണം. സമാധിയിരുത്തണമെന്ന് അച്ഛൻ പറഞ്ഞു. അങ്ങനെ ചെയ്തത് കൊണ്ട് മാത്രമാണ് അച്ഛനെ ലോകം അറിഞ്ഞത്. ഒരുപാട് തീർത്ഥാടകർ ഇവിടെ എത്തുന്നുണ്ട്. ദൂരസ്ഥലങ്ങളിൽ നിന്നും എത്തുന്നുണ്ട്. ഭഗവാൻ എന്താണോ നിശ്ചയിക്കുന്നത് തീർച്ചയായും അത് നടക്കുന്നതായിരിക്കും. ഈശ്വരൻ നിശ്ചയിക്കുന്നതിനപ്പുറത്തേക്ക് ഈ ലോകത്ത് ഒന്നും ഇല്ല. എല്ലാ ജാതിമത വിഭാഗങ്ങളും ഈശ്വരനെ തൊഴാൻ ഇവിടെ എത്തുന്നതായിരിക്കും'– മകൻ രാജസേനൻ പറഞ്ഞു.

എന്നാൽ മകൻ പറയുന്നത് പോലെ അവിടെ തീർത്ഥാടകർ ആരും തന്നെ എത്തുന്നില്ലെന്നാണ് വിവരം. സ്വകാര്യ ചാനലിന്റെ പ്രതിനിധി മണിക്കൂറുകളോളം അവിടെ ചെലവഴിച്ചിട്ടും ഒരാൾ പോലും അവിടെ തൊഴാൻ എത്തിയിട്ടില്ല. രണ്ടാമത് സംസ്കാരം നടന്ന ചടങ്ങുകൾക്ക് കുറച്ച് ഹിന്ദു സംഘടനകളുടെ സാന്നിദ്ധ്യം ഉണ്ടായതൊഴിച്ചാൽ മലയാളികളും സോഷ്യൽ മീഡിയയും ഗോപനെയും സമാധിയെയും മറന്ന മട്ടാണ്.

## നടിയുടെ പരാതി: സനൽകുമാറിന് എതിരായ ആദ്യ കേസിൽ ജാമ്യം റദ്ദാക്കാൻ പോലീസ് കോടതിയെ സമീപിക്കും

കൊച്ചി: സംവിധായകൻ സനൽകുമാർ ശശിധരനെതിരെയുള്ള പഴയ കേസിൽ ജാമ്യം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് പോലീസ് കോടതിയെ സമീപിക്കും. വീണ്ടും സമാനമായ കുറ്റകൃത്യത്തിൽ ഏർപ്പെട്ടതിനാലാണ് ജാമ്യം റദ്ദാക്കാനുള്ള പോലീസിന്റെ നീക്കം. 2022-ൽ നടി നൽകിയ പരാതിയിൽ സനൽ കുമാർ ശശിധരനെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ശേഷം കോടതി ജാമ്യം അനുവദിക്കുകയും ചെയ്തു. ഇത് റദ്ദാക്കാനാണിപ്പോൾ പോലീസ് കോടതിയെ സമീപിക്കുന്നത്.

കേസ് നിലനിൽക്കുമ്പോഴും തന്നെ പിന്തുടർന്ന് ശല്യപ്പെടുത്തുന്നത് തുടരുന്നതിനാലാണ് പരാതിക്കാരി വീണ്ടും പോലീസ് സ്റ്റേഷനിൽ പരാതിനൽകിയത്. ഇതേത്തുടർന്ന് സനൽകുമാർ ശശിധരനെ പ്രതിയാക്കി എറണാകുളം എളമക്കര പോലീസ് കഴിഞ്ഞദിവസം കേസെടുത്തിരുന്നു. സംവിധായകൻ യുഎസിൽ ആയതിനാൽ ലുക്ക് ഔട്ട് സർക്കുലർ ഇറക്കുമെന്ന് പോലീസ് അറിയിച്ചിരുന്നു.

അമേരിക്കയിലുള്ള സംവിധായകനെതിരെ നടപടിയെടുക്കാനായി കോൺസുലേറ്റിനെ സമീപിക്കുമെന്ന് കഴിഞ്ഞ ദിവസം പോലീസ് വ്യക്തമാക്കിയിരുന്നു.

## 'ഭാര്യയുടെ പീഡനമാണ് മരണത്തിന് കാരണമെന്ന് ശവപ്പെട്ടിയിൽ എഴുതണം'; ജീവനൊടുക്കി യുവാവ്

ബംഗളൂരു: ഭാര്യയുടെ പീഡനം സഹിക്കാനാകാതെ യുവാവ് ജീവനൊടുക്കി. കർണാടകയിലെ ഹുബ്ബള്ളിയിലാണ് സംഭവം. പീറ്റർ എന്ന യുവാവാണ് ഭാര്യ ഫീബെക്കെതിരെ (പിങ്കി) ആത്മഹത്യാക്കുറിപ്പ് എഴുതിവച്ചതിനുശേഷം ജീവനൊടുക്കിയത്.

'അച്ഛൻ എന്നോട് ക്ഷമിക്കണം. പിങ്കി എന്നെ കൊല്ലുകയാണ്. എന്റെ മരണമാണ് അവൾ ആഗ്രഹിക്കുന്നത്. മാനസികമായി തളർന്നു, ജോലി പോയി, മനസമാധാനം ഇല്ല. ഇനിയിങ്ങനെ ജീവിക്കാൻ വയ്യ. ഭാര്യയുടെ പീഡനമാണ് മരണത്തിന് കാരണം എന്ന് എന്റെ ശവപ്പെട്ടിയിൽ എഴുതിവയ്ക്കണം'–എന്നാണ് ആത്മഹത്യാക്കുറിപ്പിൽ പറയുന്നത്.

കഴിഞ്ഞ മൂന്നുമാസത്തോളമായി പീറ്ററും പിങ്കിയും തമ്മിൽ പ്രശ്നങ്ങൾ രൂക്ഷമായിരുന്നുവെന്ന് ബന്ധുക്കൾ പറയുന്നു. കഴിഞ്ഞ ഞായറാഴ്ച പള്ളിയിൽ പോയ ബന്ധുക്കൾ തിരിച്ചെത്തിയപ്പോഴാണ് യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തിയത്.

രണ്ടുവർഷം മുൻപായിരുന്നു വിവാഹം. ഇരുവരും തമ്മിൽ എപ്പോഴും വഴക്കായിരുന്നു. പ്രശ്നങ്ങൾ രൂക്ഷമായതോടെ രണ്ടുപേരും രണ്ടിടത്തായിരുന്നു താമസം. വിവാഹമോചനം ആവശ്യപ്പെട്ട് കോടതിയെ സമീപിച്ചിരുന്നു. കേസ് നടക്കുകയാണ്. ഇതിനിടെ നഷ്ടപരിഹാരമായി പിങ്കി 20 ലക്ഷം രൂപ ആവശ്യപ്പെട്ടു. ഇതും പീറ്ററിനെ തളർത്തിയെന്ന് സഹോദരൻ ജോയൽ പറഞ്ഞു.

മകനെ ഭാര്യയും ഭാര്യയുടെ വീട്ടുകാരും ചേർന്ന് മാനസികമായി സമ്മർദ്ദത്തിലാക്കിയെന്ന് പീറ്ററുടെ പിതാവ് ഒബ്ബയ്യ ആരോപിച്ചു. പീറ്ററിനോട് വഴക്കിട്ട് പിങ്കി സ്വന്തം വീട്ടിലേയ്ക്ക് പോയി. തിരികെ വിളിച്ചപ്പോൾ ഇനി പീറ്റർ മരിച്ചെന്ന് കേട്ടാലും തിരികെ വരില്ല എന്നായിരുന്നു മറുപടി. പിങ്കിയുടെ സഹോദരനാണ് 20 ലക്ഷം രൂപ ആവശ്യപ്പെട്ടത്. ഒരിക്കൽ മകൻ ഓഫീസിലായിരുന്നപ്പോൾ പിങ്കി വിളിച്ചു. ഫോണിലൂടെ രണ്ടുപേരും വഴക്കായി. ഇതോടെ ഓഫീസിൽ മോശമായി പെരുമാറിയെന്ന് പറഞ്ഞ് പീറ്ററുടെ ജോലി പോയെന്നും പിതാവ് പറഞ്ഞു.

സംഭവത്തിൽ ആത്മഹത്യാപ്രേരണാക്കുറ്റത്തിന് പൊലീസ് കേസെടുത്തു. ആത്മഹത്യാക്കുറിപ്പടക്കം പരിശോധിക്കുകയാണെന്ന് പൊലീസ് അറിയിച്ചു.

## 19കാരിയെ മർദ്ദിച്ചെന്ന് ആൺസുഹൃത്ത്

ചോറ്റാനിക്കര: വീടിനുള്ളിൽ 19കാരിയെ അവശനിലയിൽ കണ്ടെത്തിയ സംഭവത്തിൽ കൂടുതൽ വെളിപ്പെടുത്തലുമായി പെൺകുട്ടിയുടെ അമ്മ. തലയോലപ്പറമ്പ് സ്വദേശിയായ ആൺസുഹൃത്ത് മകളെ നിരന്തരം ഉപദ്രവിച്ചിരുന്നുവെന്ന് അമ്മ പറഞ്ഞു. നേരത്തെ ഉണ്ടായ ആക്രമണത്തിൽ മകളുടെ മുഖത്തും ശരീരത്തിലും മുറിവുകൾ ഉണ്ടായിരുന്നു. ഇത് കണ്ട് ചോദ്യം ചെയ്തപ്പോൾ വീണാണ് മുറിവുണ്ടായതെന്നാണ് പറഞ്ഞത്. ഈ ബന്ധം അവസാനിപ്പിക്കാൻ മകളോട് പലതവണ പറഞ്ഞു. എന്നാൽ വിലക്കിയിട്ടും ആൺസുഹൃത്ത് വീട്ടിൽ എത്തിയെന്ന് അമ്മ വ്യക്തമാക്കി. ആക്രമണം ഭയന്നാണ് വീട് മാറിയത്. തന്നെ ഉപദ്രവിക്കുമെന്ന പേടിയുണ്ടായിരുന്നു. ഒരു മാസമായി മാറി താമസിക്കുകയാണ്. ബന്ധുവഴിയാണ് മകളുടെ വിവരം യുവാവ് അറിയുന്നതെന്നും അമ്മ പറഞ്ഞു. അമ്മയുടെ പരാതിയിൽ ബലാത്സംഗം, വധശ്രമകുറ്റങ്ങൾ എന്നിവ ചുമത്തിയിട്ടുണ്ട്.

## സ്വകാര്യ ഭാഗങ്ങളിൽ കംപ്രസർ പൈപ്പ് കയറ്റി 'പ്രാങ്ക്'; യുവാവിന് ദാരുണാന്ത്യം

അഹ്മദാബാദ്: സ്വകാര്യ ഭാഗങ്ങളിൽ ബന്ധു കംപ്രസർ പൈപ്പ് കയറ്റിയതിനെ തുടർന്ന് ഗുജറാത്തിൽ യുവാവിന് ദാരുണാന്ത്യം. മരണപ്പെട്ട പ്രകാശിന്റെ ബന്ധു തമാശക്കായി സ്വകാര്യ ഭാഗങ്ങളിൽ കംപ്രസർ പൈപ്പ് കയറ്റിയതിനെ തുടർന്നാണ് മരണം സംഭവിച്ചത്.

കാഡിയിലെ മെറ്റൽ കമ്പനിയിൽ ജോലി ചെയ്യുന്ന തന്റെ സഹോദരൻ ഗെവാഭായിയെയും സുഹൃത്തുക്കളെയും പ്രകാശ് സന്ദർശിക്കാനെത്തിയപ്പോഴാണ് സംഭവം.

ബന്ധുവായ അൽപേഷ്, പ്രകാശിന്റെ സ്വകാര്യ ഭാഗങ്ങളിൽ പ്രാങ്ക് രൂപേണ കംപ്രസർ പൈപ്പ് കയറ്റുകയായിരുന്നു. തുടർന്ന് ശരീരത്തിൽ വായു നിറയുകയും അതാണ് മരണത്തിനിടയാക്കിയതെന്നും പൊലീസ് പറഞ്ഞു.

സംഭവത്തെ തുടർന്ന് പ്രകാശ് അവശനാവുകയും ബോധരഹിതനാവുകയും ചെയ്തു. ഇയാളെ ആദ്യം അടുത്തുള്ള ആശുപത്രിയിലും പിന്നീട് അഹമ്മദാബാദ് സിവിൽ ആശുപത്രിയിലും പ്രവേശിപ്പിച്ചെങ്കിലും രക്ഷിക്കാനായില്ല.

കംപ്രസർ പൈപ്പിലെ ഉയർന്ന വായുമർദം അൽപേഷ് അറിഞ്ഞിരുന്നുവെന്നും അത് അവഗണിച്ച് ഇരയുടെ സ്വകാര്യ ഭാഗങ്ങളിൽ കയറ്റിയതാണ് മരണത്തിന് ഇടയാക്കിയതെന്നും പ്രകാശിന്റെ സഹോദരൻ ഗെവാഭായ് പൊലീസിനോട് പറഞ്ഞു. ഗെവാഭായി നൽകിയ പരാതിയിൽ പൊലീസ് അന്വേഷണം പുരോഗമിക്കുകയാണ്.

## സർവകാല റെക്കാഡിലെത്തി സ്വർണവില; ഇന്ന് ഒറ്റയടിക്ക് കൂടിയത് 680 രൂപ

തിരു: സംസ്ഥാനത്ത് ഇന്ന് സ്വർണവില കുത്തനെ ഉയർന്നു. ഒരു പവന് 680 രൂപയാണ് ഒറ്റയടിക്ക് വർദ്ധിച്ചത്. ഇതോടെ സ്വർണവില പുതിയ റെക്കാഡിട്ടിരിക്കുകയാണ്. ഒരു പവൻ സ്വർണത്തിന്റെ ഇന്നത്തെ വിപണിവില 60,760 രൂപയാണ്. കഴിഞ്ഞ രണ്ട് ദിവസമായി സ്വർണവില കുറഞ്ഞത് ജനങ്ങൾക്ക് അല്പം ആശ്വാസമായിരുന്നു.

360 രൂപയാണ് രണ്ട് ദിവസം കൊണ്ട് കുറഞ്ഞത്. എന്നാൽ ഇന്ന് കുത്തനെ വില ഉയരുകയായിരുന്നു. ഇന്നത്തെ വിലയനുസരിച്ച് ഒരു പവൻ സ്വർണം വാങ്ങണമെങ്കിൽ ജിഎസ്ടിയും പണിക്കൂലിയുമടക്കം 65,000 രൂപയ്ക്ക് മുകളിൽ കൊടുക്കണം. ആഗോള വിപണിയിൽ സ്വർണവില വർദ്ധിച്ചതാണ് വില ഉയരാൻ കാരണം. ഇനിയും സ്വർണവില ഉയരാൻ സാദ്ധ്യതയുണ്ട്.

ഇന്ന് ഒരു ഗ്രാം സ്വർണവിലയിൽ 85 രൂപയാണ് വർദ്ധിച്ചത്. ഒരു ഗ്രാം 22 കാരറ്റ് സ്വർണത്തിന്റെ ഇന്നത്തെ വിപണി വില 7,595 രൂപയാണ്.

## ത്യശൂർ തിരിച്ചെടുക്കാൻ കോൺഗ്രസ്; സന്ദീപ് വാരിയറിനെ ഇറക്കിയേക്കും

ത്യശൂർ: നിയമസഭാ തിരഞ്ഞെടുപ്പിൽ ത്യശൂർ തിരിച്ചെടുക്കാൻ സന്ദീപ് വാരിയറിനെ ഇറക്കാൻ കോൺഗ്രസ് മത്സരിക്കുകയാണെങ്കിൽ അത് ബിജെപിക്ക് കരുത്തുള്ള മണ്ഡലത്തിൽ തന്നെ വേണമെന്നാണ് സന്ദീപിന് നൽകിയിട്ടുള്ള സൂചന. പച്ചക്കൊടി ലഭിച്ചാൽ സന്ദീപ് വൈകാതെ ശക്തന്റെ മണ്ണിലേക്ക് പ്രവർത്തനം മാറ്റും.

മുള്ളിനെ മുള്ളുകൊണ്ട് എടുക്കുകയെന്ന വിദ്യയാണ് ത്യശൂരിൽ കോൺഗ്രസ് പയറ്റാൻ ആലോചിക്കുന്നത്. ബിജെപിയുടെ എ ക്ലാസ് മണ്ഡലത്തിൽ തന്നെ സന്ദീപിനെ ഇറക്കണമെന്ന ആലോചനയാണ് ത്യശൂരിൽ സ്റ്റേപ്പിട്ടത്. ത്യശൂരിൽ ഇറങ്ങാനാണ് സന്ദീപും താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളത്. ഒറ്റപ്പാലവും തൃത്താലയുമൊക്കെ പരിഗണനയിലിരിക്കെ, ബി.ജെ.പി ഉള്ള ഇടത്ത് തന്നെ മത്സരിക്കണമെന്ന് സന്ദീപും നേതൃത്വത്തോട് വ്യക്തമാക്കിയതാണ് വിവരം. സി.പി.ഐയുടെ സിറ്റിങ് സീറ്റാണ് ത്യശൂർ നിയമസഭാ നിയമസഭാ മണ്ഡലമെങ്കിലും ലോക്സഭാ തിരഞ്ഞെടുപ്പിലെ ഫലം ഇടതുപക്ഷത്തിന് ഒട്ടും അനുകൂലമല്ല. ത്യശൂർ നിയമസഭയിൽ സുരേഷ് ഗോപിയാണ് ഒന്നാമത് എത്തിയത്. കെ.മുരളീധരൻ രണ്ടാമത് എത്തിയപ്പോൾ ഇടതുസ്ഥാനാർഥി വി.എസ്.സുനിൽകുമാർ മൂന്നാമത് എത്താനെ കഴിഞ്ഞുള്ളൂ. സുരേഷ് ഗോപിയും മുരളീയും തമ്മിലുള്ള വ്യത്യാസം 14000 വോട്ടാണ്. മുരളിക്ക് ക്രൈസ്തവ വിഭാഗങ്ങളുടെ നല്ല ശതമാനം വോട്ട് ലഭിച്ചെന്ന് വിലയിരുത്തുന്ന കോൺഗ്രസ്, സന്ദീപിനെ ഇറക്കിയാൽ ബിജെപിക്ക് ലഭിച്ച ഭൂരിപക്ഷ വോട്ടിൽ വിള്ളൽ വീഴ്ത്താമെന്ന് വിശ്വസിക്കുന്നു. നേതൃത്വത്തിന്റെ അനൗദ്യോഗികമായ പച്ചക്കൊടി ലഭിച്ചാലുടൻ സന്ദീപ് ത്യശൂരിലേക്ക് തട്ടക്കം മാറ്റും. അതിന് മുൻപ് മറ്റൊരു കടമ്പ കൂടിയുണ്ട് സംസ്ഥാന കോൺഗ്രസ് നേതൃത്വത്തിന്. അടിച്ച് പല വഴിക്ക് നിൽക്കുന്ന ജില്ലയിലെ കോൺഗ്രസ് ഗ്രൂപ്പുകളെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തണം.

# മഹാകുംഭമേളയിൽ തിക്കുംതിരക്കും; 15 മരണം, നിരവധിപേർക്ക് പരിക്ക്

പ്രയാഗ്രാജ്: മഹാകുംഭമേളയിലെ പ്രധാന ചടങ്ങായ മൗനി അമാവാസി ആചരണത്തിനിടെയുണ്ടായ തിക്കിലും തിരക്കിലും പെട്ട് 15 മരണം. നിരവധി പേർക്ക് പരിക്കേറ്റു. മൗനി അമാവാസിയിലെ അമൃത് സ്നാൻ നിർവഹിക്കാനെത്തിയവരാണ് ദുരന്തത്തിൽ പെട്ടത്. അഭൂതപൂർവമായ തിരക്കാണുണ്ടായത്. സംഭവത്തിന്റെ വിശദാംശങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ മരണം സംബന്ധിച്ച വാർത്താ ഏജൻസികളുടെ റിപ്പോർട്ടുകൾ അധികൃതർ സ്ഥിരീകരിച്ചില്ല.

ഇന്ന് പുലർച്ചെ 1.30ഓടെയായിരുന്നു സംഭവം. മരിച്ചവരുടെയോ പരിക്കേറ്റവരുടെയോ വിവരങ്ങൾ ഔദ്യോഗികമായി പുറത്തുവന്നിട്ടില്ല. തിരക്കിനിടയിൽപ്പെട്ട് നിരവധി സ്ത്രീകൾക്കും കുട്ടികൾക്കും ശ്വാസതടസം അനുഭവപ്പെട്ടതായി റിപ്പോർട്ടുകളുണ്ട്. അപകടമുണ്ടായ ഉടൻ തന്നെ ആംബുലൻസുകൾ അയക്കുകയും ഒട്ടേറെപേരെ ആശുപത്രിയിലേക്ക് മാറ്റുകയും ചെയ്തു.

സംഭവത്തിന്റെ പശ്ചാത്തലത്തിൽ, അമാവാസി ചടങ്ങ് ദിവസത്തെ അമൃത സ്നാനം ഉപേക്ഷിച്ചതായി അഖില ഭാരതീയ അഖാഡ പരിഷത്ത് പ്രസിഡന്റ് മഹന്ത് രവീന്ദ്ര പുരി അറിയിച്ചു. ഗംഗാനദിയിലെ സ്നാനം അവസാനിച്ച് മടങ്ങാനും ഭക്തർക്ക് നിർദേശം നൽകിയിട്ടുണ്ട്.

ഊഹാപോഹങ്ങളിൽ വീഴരുതെന്ന് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പറഞ്ഞു. സർക്കാർ ഫലപ്രദമായ ഇടപെടൽ നടത്തുന്നുണ്ടെന്ന് പറഞ്ഞ യോഗി തീർത്ഥാടകരോട് അഭ്യർത്ഥനയും നടത്തി.

സംഗം ഘട്ടിലേക്ക് സ്നാനത്തിനായി പോകരുതെന്നും, സമീപമുള്ള സ്ഥലങ്ങൾ തെരഞ്ഞെടുക്കണമെന്നും യോഗി അഭ്യർത്ഥിച്ചു.

## വേലി ചാടിക്കടന്ന് മലയിലൊളിച്ചു,കടുവയെപ്പോൽ കരുത്തനെന്ന് വിശ്വസിച്ചു; ചെന്താമര കൊലചെയ്തത് ആസൂത്രിതമായി

ആലത്തൂർ: നെന്മാറയിലെ ഇരട്ടക്കൊലപാതകങ്ങൾ പ്രതി ചെന്താമര (58) ആസൂത്രിതമായി നടപ്പിലാക്കിയതാണെന്ന് പോലീസ്. പ്രാഥമിക അന്വേഷണത്തിൽ ഇത് ആസൂത്രിത കൊലപാതകങ്ങളാണെന്ന് വ്യക്തമായതായും കൊലപാതകങ്ങൾക്ക് ഉപയോഗിച്ച ആയുധം ഇയാൾ നേരത്തേ തന്നെ വാങ്ങി സൂക്ഷിച്ചിരുന്നതായും പോലീസ് വ്യക്തമാക്കി. പ്രതിയെ ഇന്ന് തന്നെ കോടതിയിൽ ഹാജരാക്കുമെന്നും ഇന്നു തന്നെ കസ്റ്റഡിയിൽ വിട്ടുകിട്ടുന്നതിനായി അപേക്ഷ നൽകുമെന്നും പാലക്കാട് എസ്. പി അജിത്ത് കുമാർ ഐ.പി.എസ് മാധ്യമങ്ങളോട് പറഞ്ഞു.

കസ്റ്റഡിയിലുള്ള പ്രതിയെ പ്രാഥമികമായി ചോദ്യം ചെയ്തു. ഇരട്ടക്കൊലയ്ക്കു ശേഷം ഇയാൾ വീടിനു പിന്നിലെ വേലി ചാടിക്കടന്ന് സമീപത്തുള്ള മലയിൽ ഒളിക്കുകയായിരുന്നു. ഒന്നര ദിവസത്തോളം ഇവിടെ തന്നെ കഴിഞ്ഞു. ആ ഭാഗത്തെല്ലാം പോലീസ് പരിശോധന നടത്തിയിരുന്നു. ഒളിച്ചിരുന്ന വനപ്രദേശം കൃത്യമായി അറിയാവുന്നയാളായിരുന്നു ചെന്താമര. അതിനാൽ തന്നെ പോലീസിന്റെ തിരച്ചിലും മറ്റ് നീക്കങ്ങളും ഇയാൾ നിരീക്ഷിച്ചിരുന്നുവെന്നും എസ്. പി വ്യക്തമാക്കി. ഒന്നര ദിവസത്തോളം ഭക്ഷണം കഴിക്കാതിരുന്നതോടെയാണ് ഇയാൾ മലയിറങ്ങിയത്. തിരികെ വീട്ടിലേക്കുവരുന്ന വഴി സമീപത്തെ പാടത്തുവെച്ചാണ് രാത്രി പത്തരയോടെ പോലീസ് ഇയാളെ പിടികൂടുന്നത്. പിടിച്ച ശേഷം രാത്രി തന്നെ വൈദ്യപരിശോധന പൂർത്തിയാക്കിയെന്നും എസ്.പി പറഞ്ഞു.

2019 മുതൽ തന്നെ കൊല്ലപ്പെട്ട സുധാകരന്റെ കുടുംബത്തോട് പ്രതിക്ക് വൈരാഗ്യമുണ്ട്. ഭാര്യ തന്നെ വിട്ടുപോയത് സുധാകരന്റെ കുടുംബം കാരണമാണെന്ന് ഇയാൾ വിശ്വസിച്ചിരുന്നു. പ്രാഥമിക അന്വേഷണത്തിൽ കൊലപാതകത്തിൽ ഇയാൾക്ക് മറ്റാരുടേയും സഹായം ലഭിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്.

വിഷക്കുപ്പിയിലെ പകുതി വിഷം താൻ കഴിച്ചെന്നാണ് ചെന്താമര ആദ്യം പോലീസിനോട് പറഞ്ഞത്. പൊലീസിനെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമായിരുന്നു ഇത്. വൈദ്യപരിശോധനയിൽ ഇയാൾ വിഷം കഴിച്ചിട്ടില്ലെന്ന് വ്യക്തമായതായും എസ്പി കൂട്ടിച്ചേർത്തു. കടുവയെ പോലെ കരുത്തനാണെന്നാണ് ഇയാൾ സ്വയം വിശ്വസിച്ചിരുന്നത്. അതിനാൽ തന്നെ മറ്റുള്ളവരെല്ലാം തന്നേക്കാൾ താഴെയാണെന്ന് ഇയാൾ കരുതിയിരുന്നതായും എസ്.പി പറഞ്ഞു.

പ്രതിയെ പുറത്തു വിടാതിരിക്കാൻ വേണ്ട നടപടി പൊലീസ് സ്വീകരിക്കും. വിചാരണ അതിവേഗം നടത്തി ശിക്ഷ ഉറപ്പാക്കുമെന്നും എസ്പി പറഞ്ഞു. മന്ത്രവാദികളെ കണ്ടിട്ടില്ലെന്ന് ചെന്താമര മൊഴി നൽകിയിട്ടുണ്ട്. എന്നാൽ പോലീസ് അത് വിശ്വസിച്ചിട്ടില്ല.

## യുവതിയുടെ വീട്ടിലെത്തി 23കാരൻ തീകൊളുത്തി മരിച്ചു, പ്രണയ നൈരാശ്യമെന്ന് സുഹൃത്തുക്കൾ

തൃശൂർ : കുട്ടനെല്ലൂരിൽ യുവതിയുടെ വീട്ടിലെത്തി 23 കാരൻ തീകൊളുത്തി ആത്മഹത്യ ചെയ്തു. കണ്ണാറ സ്വദേശി, ഒലയന്നിക്കൽ വീട്ടിൽ അർജുൻ ലാലാണ് (23) മരിച്ചത്. ഇന്നലെരാത്രിയായിരുന്നു സംഭവം.

മരിച്ച അർജുൻ ലാലും യുവതിയും തമ്മിൽ പരിചയമുണ്ടായിരുന്നുവെന്നാണ് അർജുന്റെ സുഹൃത്തുക്കൾ പറയുന്നത്. എന്നാൽ ഒരു വർഷത്തോളം ഇരുവരും അകൽച്ചയിലായിരുന്നു. ഇതിനിടെ കഴിഞ്ഞ ദിവസം അർജുൻ ഈ യുവതിയുടെ ചിത്രം സോഷ്യൽ മീഡിയയിൽ പങ്കുവെച്ചു. ഇതോടെ യുവതിയും വീട്ടുകാരും യുവാവിനെ വിളിച്ച് ചിത്രം നീക്കം ചെയ്യാൻ ആവശ്യപ്പെട്ടു. എന്നാൽ ചിത്രം നീക്കം ചെയ്യില്ലെന്നും വീട്ടിലെത്തി ആത്മഹത്യ ചെയ്യുമെന്നും പറഞ്ഞ് അർജുൻ യുവതിയെ 

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# സംസ്ഥാന യുവജന കമ്മീഷൻ ജില്ലാതല അദാലത്ത്: 18 പരാതികൾ തീർപ്പാക്കി

തൃശൂർ: കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർമാൻ എം. ഷാജറിന്റെ അധ്യക്ഷതയിൽ തൃശ്ശൂർ രാമനിലയം ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ജില്ലാതല അദാലത്ത് നടത്തി. 34 പരാതികൾ പരിഗണിച്ചു. 18 പരാതികൾ തീർപ്പാക്കി. 16 പരാതികൾ അടുത്ത സിറ്റിങ്ങിൽ പരിഗണിക്കുന്നതിനായി മാറ്റിവെച്ചു. പുതിയതായി അഞ്ച് പരാതികൾ സ്വീകരിച്ചു. സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട പരാതികൾ, പി.എസ്.സി റാങ്ക് ഹോൾഡർമാരുടെ പരാതികൾ, നിയമനം സംബന്ധിച്ച പരാതികൾ, പോലീസുമായി ബന്ധപ്പെട്ട പരാതികളും യുവജന കമ്മീഷൻ ജില്ലാതല അദാലത്തിൽ പരിഗണിച്ചു.

18 നും 40 നു മദ്ധ്യേ പ്രായമുള്ള സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ സമീപിക്കാൻ കഴിയുന്ന കമ്മീഷനാണ് യുവജന കമ്മീഷനെന്ന് ചെയർമാൻ എം. ഷാജർ അദാലത്തിൽ പറഞ്ഞു. തൊഴിൽ മേഖലയിൽ പ്രത്യേകിച്ച്, സ്വകാര്യമേഖലയിൽ നിരവധിയായ തൊഴിൽ ചൂഷണങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യുവജനങ്ങൾ തൊഴിൽ മേഖലയിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വലിയരീതിയിൽ മാനസികമായ സമ്മർദ്ദം അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ അത്തരം വിഷയത്തെ യുവജന കമ്മീഷന്റെ മുമ്പാകെ എത്തിക്കുകയാണെങ്കിൽ യുവജന കമ്മീഷൻ ഇടപെട്ട് അവരെ സഹായിക്കുമെന്നും ചെയർമാൻ പറഞ്ഞു.

സംസ്ഥാനത്ത് വലിയതോതിൽ ജോലി തട്ടിപ്പ് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണം. യുവജന കമ്മീഷൻ ഈ വർഷം തൊഴിൽ മേഖലയിൽ യുവജനങ്ങൾ നേരിടുന്ന മാനസിക സമ്മർദ്ദം സംബന്ധിച്ച് പഠനം നടത്തുന്നുണ്ട്. ഇതിന്റെ ഫീൽഡ്തല പഠനം ഈ മാസം പൂർത്തിയാകും. ഫെബ്രുവരിമാസത്തിൽ ഇതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കും. സംസ്ഥാന യുവജന കമ്മീഷൻ ഓരോ വർഷവും യുവജനങ്ങൾ നേരിടുന്ന വിഷയത്തിൽ ശാസ്ത്രീയമായ പഠനം നടത്തുന്ന പ്രമുഖ ഏജൻസിയായി മാറുകയാണെന്നും യുവജന കമ്മീഷൻ ചെയർമാൻ പറഞ്ഞു.

തൃശ്ശൂർ രാമനിലയം ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടത്തിയ ജില്ലാതല അദാലത്തിൽ കമ്മീഷൻ അംഗങ്ങളായ അഡ്വ. ഗ്രീഷ്മ അജയഘോഷ്, പി.സി വിജിത, പി.പി. രൺദീപ്, അഡ്മിനിട്രേറ്റീവ് ഓഫീസർ ജോസഫ് സ്കറിയ, സംസ്ഥാന കോഡിനേറ്റർ അഡ്വ. എം. രൺദീഷ്, അസിസ്റ്റന്റ് പി. അഭിഷേക് എന്നിവർ പങ്കെടുത്തു.

## 2024-25 പട്ടികജാതിക്ഷേമപദ്ധതികളുടെ ഭാഗമായി 47 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തു

തൃശൂർ: മുനിസിപ്പൽ കോർപ്പറേഷൻ പട്ടികജാതി ക്ഷേമ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന 47 ലക്ഷം രൂപയുടെ ആനുകൂല്യങ്ങളുടെ വിതരണോദ്ഘാടനം മേയർ എം.കെ. വർഗ്ഗീസ് നിർവ്വഹിച്ചു. 303 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ്, 131 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്, 63 പെൺകുട്ടികളുടെ രക്ഷിതാക്കൾക്ക് വിവാഹ ധനസഹായം, 70 ദമ്പതികൾക്ക് മിശ്രവിവാഹ ധനസഹായം, 2 യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിലിനു പോകാനുള്ള ധനസഹായം, 3 വനിതകൾക്ക് ഭൂരഹിത ധനസഹായം എന്നിങ്ങനെ വിവിധ പദ്ധതികൾക്കായി 47 ലക്ഷം രൂപയുടെ പട്ടികജാതി ക്ഷേമ പദ്ധതികളാണ് വിതരണം ചെയ്തത്. ഡെ.മേയർ മിസ്. എം.എൽ. റോസി അധ്യക്ഷത വഹിച്ച ചടങ്ങിൽ കൗൺസിലർമാരായ രാജശ്രീ ഗോപൻ, ശ്രീലാൽ ശ്രീധർ, ഐ. സതീഷ്കുമാർ, എ.ആർ.രാഹുൽ നാഥ്, എബി വർഗ്ഗീസ്, നിമ്മി റപ്പായി, പട്ടികജാതി വികസന ഓഫീസർ വി. പ്രബിത, എസ്.സി. പ്രമോട്ടേഴ്സ്, ഗുണഭോക്താക്കൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## അവിട്ടത്തൂർ മഹാദേവ ക്ഷേത്രത്തിലെ തിരുവുത്സവം 31ന് കൊടിയേറും

ഇരിങ്ങാലക്കുട: അവിട്ടത്തൂർ മഹാദേവ ക്ഷേത്രത്തിലെ തിരുവുത്സവം 31ന് കൊടികയറി ഫെ. 9ന് ആറാട്ടോടെ സമാപിക്കും. ക്ഷേത്രചടങ്ങുകൾ, ശീവേലി, വിളക്കെഴുന്നള്ളിപ്പ്, പഞ്ചവാദ്യം, പാണ്ടിമേളം, പ്രസാദ ഊട്ട്, നൃത്തനൃത്യങ്ങൾ, ഭരതനാട്യം, തായമ്പക, കഥകളി, ചാക്യാർകൂത്ത്, മാജിക് ഷോ, നാടകം, സംഗീത സന്ധ്യ, പള്ളിവേട്ട, ആറാട്ട് എന്നിവയാണ് പ്രധാന പരിപാടികൾ എന്ന് ദേവസ്വം പ്രസിഡണ്ട് ഡോ. മുരളി ഹരിതം, സെക്രട്ടറി കെ കെ കൃഷ്ണനുണ്ണി നമ്പൂതിരി എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു. ക്ഷേത്ര ചടങ്ങുകൾക്ക് വടക്കേടത്ത് പെരുമ്പടപ്പ് കേശവൻ നമ്പൂതിരി, തെക്കേടത്ത് പെരുമ്പടപ്പ് ദാമോദരൻ നമ്പൂതിരി, ഓട്ടൂരുമേക്കാട്ട് വിനോദൻ നമ്പൂതിരി എന്നിവർ നേതൃത്വം നൽകും.

പെരുവനം സതീശൻ മാരാർ കലാമണ്ഡലം ശിവദാസ്, പെരുവനം കുട്ടൻ മാരാർ, എന്നിവർ മേളത്തിന് പ്രാമാണ്യം വഹിക്കും.

വൈസ് പ്രസിഡണ്ട് വിഷു നമ്പൂതിരി, വിവിധ കമ്മിറ്റി ഭാരവാഹികളായ അഖിൽ ഉണ്ണികൃഷ്ണൻ, പ്രസാദ് നെടുംപറമ്പിൽ, സി സി സുരേഷ്, എ സി സുരേഷ് എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## താലൂക്ക് വികസന സമിതി യോഗം

തൃശൂർ: മുകുന്ദപുരം താലൂക്ക് വികസന സമതി യോഗം ഫെബ്രുവരി ഒന്നിന് രാവിലെ 11ന് മുകുന്ദപുരം താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ നടക്കും.

## വാർത്താച്ചുരുക്കം

* കേരള ഫോട്ടോഗ്രാഫേഴ്സ് -വീഡിയോ ഗ്രാഫേഴ്സ് യൂണിയൻ (സി ഐ ടി യു) കനിവ് പദ്ധതി നടപ്പാക്കുന്നു. അംഗങ്ങൾക്ക് ഗുരുതര ചികിത്സാവശ്യങ്ങൾക്കായി ഒരു ലക്ഷം രൂപ മുതൽ 15 ലക്ഷം വരെയുള്ളതാണ് പദ്ധതി
* ന്യൂ ട്രിച്ചൂർ റൂറൽ ഡവലപ്മെന്റ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനോഘാടനം നടന്നു. വനിത ഇരുചക്ര വാഹന വായ്പദ്ധതിക്ക് അർഹരായ 100 പേർക്ക് താക്കോൽദാനവും നിർവ്വഹിച്ചു. കണ്ടശ്ശാംകടവ് ബോട്ട്ജെട്ടിയിലായിരുന്നു ചടങ്ങ് നടി ശോഭന ഉദ്ഘാടനം ചെയ്തു.
* ആരോഗ്യവകുപ്പ് സംഘടിപ്പിക്കുന്ന കുഷ്ഠരോഗ നിർണ്ണയ ഭവന സന്ദർശന യജ്ഞം (അശ്വമേധം 6.0) 30 തിയ്യതി മുതൽ 12 വരെ നടക്കും. തൃശൂർജില്ലയിൽ ഒരുക്കങ്ങളായതായി ഡി എം ഒ അറിയിച്ചു.
* ലഹരി വിമുക്ത കേരളം എന്ന സന്ദേശം ഉയർത്തി തൃശൂരിൽ 102 മണിക്കൂർ ഉപവാസ സത്യഗ്രഹം നടക്കും. 30ന് രാവിലെ 11 മണി മുതൽ 3-ാം തിയ്യതി വൈകീട്ട് 5 മണിവരെ കോർപ്പറേഷന് മുന്നിലായിരിക്കും സത്യഗ്രഹം.

## എലിപ്പനിക്കെതിരെ ജാഗ്രത പുലർത്തുക: ജില്ലാ മെഡിക്കൽ ഓഫീസർ

തൃശൂർ: ജില്ലയിൽ എലിപ്പനി മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ എലിപ്പനിക്കെതിരെ പ്രത്യേകം ജാഗ്രത പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. ടി.പി. ശ്രീദേവി അറിയിച്ചു.

എലി, പട്ടി, പൂച്ച, കന്നുകാലികൾ തുടങ്ങിയവയുടെ മൂത്രവും വിസർജ്യങ്ങളും വഴി പകരുന്ന രോഗമാണ് എലിപ്പനി. ഇവയുടെ മൂത്രവും വിസർജ്യവും വഴി മണ്ണിലും വെള്ളത്തിലും എത്തുന്ന രോഗാണുക്കൾ മുറിവുകൾ വഴി ശരീരത്തിൽ എത്തിയാണ് രോഗം ഉണ്ടാവുന്നത്. വയലിൽ പണിയെടുക്കുന്നവർ, തോട്, കനാൽ, കുളങ്ങൾ, വെള്ളക്കെട്ടുകൾ എന്നിവ വൃത്തിയാക്കുന്നവർ, മലിന ജലവുമായി സമ്പർക്കത്തിൽ വരുന്ന വ്യക്തികൾ തുടങ്ങിയവരിൽ രോഗം കൂടുതലായി കണ്ടുവരുന്നു. ക്ഷീണത്തോടെയുള്ള പനിയും തലവേദനയും പേശി വേദനയും ആണ് എലിപ്പനിയുടെ ലക്ഷണങ്ങൾ. കണ്ണിൽ ചുവപ്പ്, മൂത്രക്കുറവ്, മഞ്ഞപ്പിത്ത ലക്ഷണങ്ങൾ എന്നിവയും കണ്ടേക്കാം.

കാർഷിക പ്രവൃത്തികളിലോ ശുചീകരണ പ്രവർത്തനങ്ങളിലോ ഏർപ്പെടുന്നവർ കട്ടിയുള്ള ഗംബൂട്ടുകൾ കൈയുറകൾ എന്നിവ ധരിക്കുക. കൈകാലുകളിലും മറ്റ് ശരീരഭാഗങ്ങളിലും മുറിവുള്ളവർ മുറിവ് ഉണങ്ങുന്നതുവരെ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടരുത്. ജോലിയുടെ ഭാഗമായി ഈ പ്രവൃത്തികൾ ഒഴിവാക്കാൻ ആവില്ലെങ്കിൽ ആന്റിസെപ്റ്റിക് ഓയിന്റ്മെന്റ് വച്ച് മുറിവ് ഡ്രസ്സ് ചെയ്തതിനുശേഷം ഗംബൂട്ടുകളും കയ്യുറകളും ധരിച്ച് ജോലിക്ക് പോവുക. ജോലി കഴിഞ്ഞുവന്ന് വീണ്ടും അതുപോലെ ഡ്രസ്സ് ചെയ്യുക. ജോലി ചെയ്യുന്ന കാലയളവിൽ എലിപ്പനിക്കെതിരെയുള്ള രോഗപ്രതിരോധ മരുന്നായ ഡോക്സിസൈക്ലിൻ ഗുളികകൾ ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശാനുസരണം കഴിക്കുക. കെട്ടിക്കിടക്കുന്ന ജലത്തിൽ കുട്ടികൾ വിനോദത്തിനോ മറ്റ് ആവശ്യങ്ങൾക്കോ ഇറങ്ങുന്നത് കഴിവതും ഒഴിവാക്കുക, പ്രത്യേകിച്ചും മുറിവുള്ളപ്പോൾ.

ഭക്ഷണസാധനങ്ങൾ അലക്ഷ്യമായി വലിച്ചെറിഞ്ഞ് എലികളെ ആകർഷിക്കാതിരിക്കുക, എലി നശീകരണത്തിന് കൂട്ടായ നടപടികൾ എടുക്കുക, പട്ടി, പൂച്ച തുടങ്ങിയ ജീവികളുടെയും കന്നുകാലികളുടെയും മലമൂത്രാദികൾ വ്യക്തിസുരക്ഷയോടെ കൈകാര്യം ചെയ്യുക, സംഭരണ ടാങ്കുകളിലെ ജലത്തിൽ എലിക്കാഷ്ഠം, മൂത്രം എന്നിവ വീഴുന്നില്ല എന്ന് ഉറപ്പുവരുത്തുക, മൃഗപരിപാലന ജോലികളിൽ ഏർപ്പെടുന്നവരും കട്ടിയുള്ള റബ്ബർ ബൂട്ടുകളും (ഗംബൂട്ടുകൾ) കൈയുറകളും ഉപയോഗിക്കുക, കന്നുകാലിത്തൊഴുത്തിലെ മൂത്രം ഒലിച്ചിറങ്ങി വെള്ളം മലിനമാകാതെ നോക്കുക, ഇത് പ്രത്യേകം തയ്യാറാക്കിയ കുഴിയിലേക്ക് ഒഴുക്കുക, ആഹാരസാധനങ്ങളും കുടിവെള്ളങ്ങളും എലികളുടെ വിസർജ്യ വസ്തുക്കൾ വീണ് മലിനമാകാതിരിക്കാൻ എപ്പോഴും മൂടിവയ്ക്കുക തുടങ്ങിയവ പ്രധാനപ്പെട്ട എലിപ്പനി പ്രതിരോധ മാർഗങ്ങളാണ്.

എലിപ്പനിയുടെ ഭാഗമായി മഞ്ഞപ്പിത്ത രോഗലക്ഷണങ്ങൾ കൂടി കാണിക്കും എന്നുള്ളതിനാൽ മഞ്ഞപ്പിത്തം ആണെന്ന് തെറ്റിദ്ധരിച്ച് നാടൻ ചികിത്സകളും മറ്റും ചെയ്യുന്നത് അപകടകരമാണ്. അതുകൊണ്ട് സ്വയം ചികിത്സ ചെയ്യാതെ ഉടൻ തന്നെ ഡോക്ടറെ കണ്ട് ചികിത്സ തേടുവാൻ ശ്രദ്ധിക്കേണ്ടതാണ്. പനിയോ മറ്റു രോഗലക്ഷണങ്ങളുമായോ ചികിത്സ തേടുമ്പോൾ മലിനജലവുമായി സമ്പർക്കമുണ്ടായിട്ടുണ്ടെങ്കിൽ അത് ആരോഗ്യ പ്രവർത്തകരെ പ്രത്യേകം അറിയിക്കുക.

## ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ. എം.ആർ.എസ് സ്കൂൾ പ്രവേശനം

തൃശൂർ: പട്ടികജാതി വികസന വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ 2025-26 അധ്യയന വർഷത്തിലേക്ക് 5, 11 ക്ലാസുകളിലേക്ക് സ്പോർട്സിൽ അഭിരുചിയുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുക്കാൻ സെലക്ഷൻ ട്രയൽ നടത്തുന്നു. തൃശ്ശൂർ ജില്ലയിലെ താൽപര്യമുള്ള വിദ്യാർത്ഥികൾ ഫെബ്രുവരി 3 ന് രാവിലെ എട്ടിന് സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ (തോപ്പ്) നടക്കുന്ന സെലക്ഷൻ ട്രയലിൽ പങ്കെടുക്കണം.

ഗായകരുടെ കൂട്ടായ്മയായ സൗണ്ട് ഓഫ് മൂസിക്കിന്റെ ലോഗോ എം.പി സുരേന്ദൻ പ്രകാശനം ചെയ്യുന്നു

## ദുരന്ത നിവാരണ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

തൃശൂർ: ദേശീയ ദുരന്ത പ്രതികരണ സേനയുടെ (എൻ.ഡി.ആർ. എഫ്) നേതൃത്വത്തിൽ തൃശൂർ ജില്ലയിലെ മാധ്യമ പ്രവർത്തകർക്കായി ദുരന്ത നിവാരണ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. കളക്ടറേറ്റ് അനക്സ് കോൺഫറൻസ് ഹാളിൽ ഇന്നലെ ഉച്ചയ്ക്ക് രണ്ടിന് ആരംഭിച്ച ശിൽപശാലയിൽ ദുരന്ത വേളകളിലെ പ്രതികരണം, കയർ ഉപയോഗിച്ചുള്ള രക്ഷാപ്രവർത്തനം ഉൾപ്പെടെയുള്ള ജീവൻ രക്ഷാ മാർഗങ്ങൾ, സി.പി.ആർ (കാർഡിയോപൾമണറി റിസസ്സിറ്റേഷൻ) തുടങ്ങിയ പ്രഥമ ശുശ്രൂഷാ മാർഗങ്ങൾ എന്നിവയെ കുറിച്ച് പരിശീലനം നൽകി.

എൻ.ഡി. ആർ.എഫിന്റെ നാലാം ബറ്റാലിയൻ ( ആർക്കോണം ബ്രാഞ്ച്) ടീം കമ്മാൻഡർ സന്ദീപ് കുമാറിന്റെ നേതൃത്വത്തിൽ എൻ. ഡി. ആർ. എഫ് സേനാംഗങ്ങളായ ടി.എസ്. മുരളീകൃഷ്ണൻ, ടി സനൂജ്, പി.ടി. പ്രവിത്, സൂര്ജ് റാത്തോർ, ശ്രീകാന്ത് റെഡ്ഡി, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ടി. മുരളി, ദുരന്തനിവാരണ വകുപ്പ് ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

## മരണാനന്തരവും പി.ജയചന്ദ്രനെ അപമാനിച്ചു

തൃശൂർ: ജീവിച്ചിരിക്കെ പദ്മശ്രീ പോലും നൽകാതെ പി.ജയചന്ദ്രനെ ക്രൂരമായി അവഗണിച്ച ഭരണകൂടം മരണത്തിനു ശേഷവും ആ തെറ്റ് തിരുത്താൻ കിട്ടിയ അവസരം ഉപയോഗിച്ചില്ലെന്ന് പാട്ടുകാരുടെയും ആസ്വാദകരുടെയും കൂട്ടായ്മയായ സൗണ്ട് ഓഫ് മ്യൂസിക് തൃശൂർ നടത്തിയ അനുസ്മരണ യോഗം കുറ്റപ്പെടുത്തി.

കോട്ടപ്പുറം വയോമിത്രത്തിൽ നടത്തിയ അനുസ്മരണ സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ട് സംസാരിച്ച മുതിർന്ന മാധ്യമപ്രവർത്തകൻ എം.പി. സുരേന്ദ്രൻ പി.ജയചന്ദ്രൻ എന്ന ഭാവഗായക നോട് ഭരണകൂടം ക്രൂരമായ അവഗണന പുലർത്തിയതായി കുറ്റപ്പെടുത്തി. ജയേട്ടൻ ജീവിച്ചിരുന്ന കാലത്ത് എസ്. ജാനകിയ്ക്ക് രാജ്യത്തിന്റെ പരമോന്നത പുരസ്ക്കാരം നൽകാത്തതിനെക്കുറിച്ച് കുറ്റപ്പെടുത്തിയിരുന്നു. ഒടുവിൽ അത് പ്രഖ്യാപിച്ചപ്പോൾ അതു സ്വീകരിക്കാൻ ജാനകിയമ്മ സമ്മതിച്ചില്ല. ജാനകിയമ്മയ്ക്ക് അർഹ്തപ്പെട്ട സമയത്ത് കിട്ടാത്ത പദ്മശ്രീ തനിക്ക് വേണ്ടെന്നും ജയേട്ടൻ പറഞ്ഞിരുന്നു. എന്നാൽ മരണാനന്തരം സർക്കാർ ഒട്ടേറെ പേർക്ക് പദ്മപുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചപ്പോൾ നിശ്ചയമായും ജയേട്ടന് നൽകേണ്ടതായിരുന്നുവെന്ന് സുരേന്ദ്രൻ പറഞ്ഞു.

അനുസ്മരണ സമ്മേളനത്തിൽ സൗണ്ട് ഓഫ് മൂസിക് പ്രസിഡണ്ട് പ്രൊഫ. യു.എസ് മോഹനൻ അധ്യക്ഷത വഹിച്ചു. തൃശൂർ പദ്മനാഭൻ മുഖ്യപ്രഭാഷണം നടത്തി അഡ്വ ശ്രീകുമാർ പ്ലക്കാട്ട് എഡ്വിൻ സാമുവൽ നാരായണൻ കുട്ടി എന്നിവർ സംസാരിച്ചു. ഭാവഗായകന്റെ തിരഞ്ഞെടുത്ത ഗാനങ്ങൾ ഗായകർ അവതരിപ്പിച്ചു.

## ടെൻഡർ ക്ഷണിച്ചു

തൃശൂർ: തൃശൂർ ജില്ലാ പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതി / പദ്ധതിയിതര വികസന ക്ഷേമ പ്രവർത്തനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന് ഫോട്ടോ, വിഡിയോ, പോസ്റ്ററുകൾ, സോഷ്യൽ മീഡിയ പ്രചരണം ഉൾപ്പെടെയുള്ള ഡോക്യുമെന്റേഷൻ തയ്യാറാക്കുന്നതിന് ജില്ലയിലെ ഈ മേഖലയിൽ പ്രാവീണ്യവും പരിചയവുമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മത്സരധിഷ്ഠിത ടെൻഡർ ക്ഷണിച്ചു. ടെൻഡർ ഫോറം വില 500 രൂപയും 18 ശതമാനം ജി എസ് ടി യും. വിശദ വിവരങ്ങൾക്ക് തൃശൂർ ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെടണം.

## ലഹരി വിമുക്ത കേരളത്തിന് വേണ്ടി 102 മണിക്കൂർ ഉപവാസം

തൃശൂർ: സമ്പൂർണ്ണ ലഹരി വിമുക്ത കേരളത്തിന് വേണ്ടി മദ്യ വിമോചന മഹാ സഖ്യം സംസ്ഥാന പ്രസിഡണ്ട് ഇ എ ജോസഫ് 102 മണിക്കൂർ ഉപവാസ സത്യാഗ്രഹം നടത്തുന്നു. ജനു. 30 (രക്തസാക്ഷിത്വ ദിനം) വ്യാഴാഴ്ച രാവിലെ 11 മണിക്ക് തൃശൂർ കോർപ്പറേഷൻ ഓഫീസിനു മുന്നിൽ ആരംഭിക്കുന്ന സത്യഗ്രഹം ഫെ. 3 തിങ്കളാഴ്ച വൈകീട്ട് 5ന് സമാപിക്കും. മുൻ മന്ത്രി വി സി കബീർ മാസ്റ്റർ ഉദ്ഘാടനം ചെയ്യും. തിങ്കളാഴ്ച നാരങ്ങ നീര് നൽകി സമാപനം നടത്തുന്നത് മുൻ സ്പീക്കർ അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ.

ഉപവാസ ദിവസങ്ങളിൽ വെള്ളി രാവിലെ 11 മണിക്ക് ലഹരി വിമുക്ത കേരളത്തിന് സാംസ്കാരിക കൂട്ടായ്മ സംഘടിപ്പിക്കുന്നു. അഡ്വ. ചാർളി പോൾ ഉദ്ഘാടനം ചെയ്യും. ശനി രാവിലെ 11 മണിക്ക് സ്ത്രീ കൂട്ടായ്മ ലീലാമ്മ തോമസ് ഉദ്ഘാടനം ചെയ്യും. ഞായർ രാവിലെ 11 മണിക്ക് പുതിയ മദ്യ നിർമ്മാണ ശാലക്കുള്ള സർക്കാർ നീക്കത്തിനെതിരെ മദ്യ വിമോചന മഹാസഖ്യത്തിന്റെ കൂട്ട ഉപവാസം സി ഐ അബ്ദുൾ ജബ്ബാർ എറണാകുളം ഉദ്ഘാടനം ചെയ്യും. തിങ്കളാഴ്ച രാവിലെ 11 മണിക്ക് യുവജന വിദ്യാർത്ഥി കൂട്ടായ്മ കെ എ മഞ്ജുഷ ഉദ്ഘാടനം നിർവ്വഹിക്കും.

പത്രസമ്മേളനത്തിൽ കെ എ മഞ്ജുഷ, പോൾ ചെവിടൻ, ബേബി കണ്ണംപടത്തി, നദീറ അബ്ദുൾഖാദർ, ജാസ്മി ജോസ് എന്നിവർ പങ്കെടുത്തു.

## ശലഭോദ്യാനം ഉദ്ഘാടനം ചെയ്തു

അമലനഗർ: അമല ആയുർവേദാശുപത്രിയിൽ പുതുതായി ആരംഭിച്ച ശലഭോദ്യാനം യൂറോപ്പിലെ സിറോമലബാർ വിശ്വാസികളുടെ അപ്പസ്തോലിക് വിസിറ്റേറ്ററ് ആയ ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത്ത് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ഡയറക്ടർ ഫാ.ജൂലിയസ് അറക്കൽ സി എം ഐ, ജോയിൻറ് ഡയറക്ടർ ഫാ. ഷിബു പുത്തൻപുരക്കൽ സി എം ഐ, ചീഫ് ഫിസിഷ്യൻ സി. ഡോ . ഓസ്റ്റിൻ, കൺസൽട്ടൻറ് ഫിസിഷ്യൻ ഡോ. രോഹിത്, ആശുപത്രി സ്റ്റാഫ് എന്നിവർ പങ്കെടുത്തു.

## തണ്ണിമത്തൻ കൃഷി ഉദ്ഘാടനം ചെയ്തു

തൃശൂർ: കുടുംബശ്രീ ജില്ലാ മിഷന്റെയും തിരുവില്ലാമല മോഡൽ സി.ഡി.എസിന്റേയും ആഭിമുഖ്യത്തിൽ വേനൽ മധുരം പദ്ധതിയുടെ ഭാഗമായി തണ്ണിമത്തൻ കൃഷിയുടെ ജില്ലാതല ഉദ്ഘാടനം ചേലക്കര എം.എൽ.എ. യു . ആർ. പ്രദീപ് നിർവഹിച്ചു. തിരുവില്ലാമല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. പത്മജ, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ഡി. ആർ. സലിൽ എന്നിവർ പങ്കെടുത്തു. പദ്ധതിയുടെ ഭാഗമായി ജില്ലയിൽ 68.75 ഏക്കർ സ്ഥലത്ത് തണ്ണിമത്തൻ കൃഷി നടത്തുന്നു.

## പരിക്കേറ്റ് ചികിത്സയിലായിരുന്ന കണ്ടക്ടർ മരിച്ചു

ഗുരുവായൂർ: സ്വകാര്യ ബസ് ശരീരത്തിലൂടെ കയറി പരിക്കേറ്റ് ചികിത്സയിലായിരുന്ന കണ്ടക്ടർ മരിച്ചു. ഗുരുവായൂർ-മറ്റം -തൃശൂർ റൂട്ടിലോടുന്ന ജഗന്നാഥ് ബസിലെ ജീവനക്കാരനായിരുന്നു. എളവള്ളി സ്വദേശി പറങ്ങനാട്ട് ധനേഷാണ് മരിച്ചത്.

## പ്രയുക്തി ജോബ് ഫെയർ 31 ന്

തൃശൂർ: മോഡൽ കരിയർ സെൻററും തലപ്പിള്ളി ടൗൺ എംപ്ലോയ്മന്റ് എക്സ്ചേഞ്ചും ജനുവരി 31 ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് രണ്ട് വരെ പ്രയുക്തി ജോബ് ഫെയർ സംഘടിപ്പിക്കും. തലപ്പിള്ളി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഹാളിൽ നടക്കുന്ന ജോബ് ഫെയറിൽ സെയിൽസ് എക്സിക്യൂട്ടീവ്, ബിസിനസ് ഡെവലപ്മെന്റ് മാനേജർ, മാർക്കെറ്റിങ് എക്സിക്യൂട്ടീവ്, യൂണിറ്റ് മാനേജർ, റിലേഷൻഷിപ്പ് മാനേജർ തുടങ്ങിയ തസ്തികകളിലായി വിവിധ സ്വകാര്യസ്ഥാപനങ്ങളിലെ നാനൂറോളം ഒഴിവുകളിലേക്ക് കൂടിക്കാഴ്ച നടത്തും. പത്താം ക്ലാസ്, പ്ലസ്ടു, ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം, എന്നീ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് അഭിമുഖത്തിൽ പങ്കെടുക്കാം. ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും കൂടികാഴ്ചയ്ക്കു വരുമ്പോൾ കൊണ്ടുവരണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവർക്കും അല്ലാത്തവർക്കും അഭിമുഖത്തിൽ പങ്കെടുക്കാം. ഓൺ സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടായിരിക്കും. ഫോൺ: 04884 235660, 9605808314; ഇമെയിൽ വിലാസം: mccthalappilly.ncs@gmail.com

## കരാർ നിയമനം

തൃശൂർ: ദേശീയ ആരോഗ്യ ദൗത്യം (എൻ എച്ച് എം) ന്റെ കീഴിൽ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ജെപി എച്ച്എൻ/ ആർബിഎസ് കെ നഴ്സ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തും. യോഗ്യത: സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള ജെ പി എച്ച് എൻബിരുദം കൂടാതെ കേരള നഴ്സസ് ആൻറ് മിഡ് വൈഫ് കൗൺസിൽ രജിസ്ട്രേഷൻ (പെർമനന്റ്). പ്രായം: 31. 12.2024 ൽ 40 വയസ്സ് കവിയരുത്. ശമ്പളം: 17000 രൂപ. അപേക്ഷ ഫെബ്രുവരി അഞ്ചിന് വൈകിട്ട് അഞ്ചിനകം നേരിട്ടോ തപാൽ മുഖേനയോ ആരോഗ്യ കേരളം, ഒന്നാം നില, പഴയ ജില്ലാ ആശുപത്രി കോമ്പൗണ്ട്, സ്വരാജ് റൗണ്ട് ഈസ്റ്റ്, തൃശൂർ എന്ന വിലാസത്തിൽ ലഭിക്കണം. വെബ്സൈറ്റ്: www.arogyakeralam.gov.in

## പുസ്തകപ്രകാശനം ഇന്ന് വൈകീട്ട്

തൃശൂർ: മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ബൈ